# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4873** **22.05.2017-ൽ മറുപടിയ്ക്ക്**

## പി.ഡബ്ല്യൂ.ഡി റോഡ്സ് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം:** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട മുൻ പി.ഡബ്ല്യൂ.ഡി റോഡുകളുടെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ കൈയ്യേറുകയോ, അല്ലെങ്കിൽ സ്വന്തം ഭൂമിയോട് ചേർക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** | ഇത്തരത്തിൽ സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി റോഡുകളുടെ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്;<br>എത്ര ഏക്കർ ഭൂമി ഇത് വഴി അന്യാധീനപ്പെട്ടിട്ടുണ്ട്;<br>ഓരോ റോഡുകളുടെയും ഇത്തരത്തിലുള്ള ഭൂമിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **(ബി)** | 1 പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കൊല്ലം ഡിവിഷന്റെ കീഴിൽ കൈയ്യേറിയിട്ടുള്ളതായ റോഡ്സ് സെക്ഷൻ ഏഴുകോണിന്റെ അധീനതയിലുള്ള കൊല്ലം ചെങ്കോട്ട റോഡിന്റെ ഏകദേശം 1 കിലോമീറ്റർ ദൂരം (ലാന്റ് വാല്യൂ 1.5 കോടി) ഏറ്റെടുത്തിട്ടുണ്ട്.<br><br>2 കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള ഒരു കൈയ്യേറ്റമാണ് കണ്ടെത്തിയിട്ടുള്ളത്. റീ.സ.28-ൽ പാന്നൂർ അംശം ഏലാങ്കോട് ദേശത്ത് 5 സ്ക്വയർ മീറ്റർ (0.0012 ആർ) സ്ഥലം കയ്യേറി കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>3 പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും പാലക്കാടിന്റെ കീഴിലുള്ള പഴയ എൻ.എച്ച് റോഡിൽ കാഴ്ചപറമ്പിനു സമീപത്ത്, നവീകരണത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട റോഡിൽ സ്വകാര്യ വ്യക്തി കൈയ്യേറ്റം നടത്തിയിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലത്ത് പാലക്കാട് - പൊന്നാനി റോഡിൽ കാക്കത്തോട് പാലത്തിനു സമീപം കൈയ്യേറ്റം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. പഴയ എൻ.എച്ച് റോഡ് - ഉദ്ദേശം 1 സെന്റ്<br>2. പാലക്കാട്-പൊന്നാനി റോഡ് - ഏകദേശം 3 സെന്റ്<br><br>**<u>കെ.എസ്.റ്റി.പിയുടെ എം.സി റോഡിലെ കയ്യേറ്റങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു</u>**<br>1. നിലമേൽ രാജ് റസിഡൻസി ഹോട്ടലിന് സമീപമുള്ള എം. സി റോഡിലും എതിർവശത്തുള്ള പഴയ റോഡിലും ഉള്ള കയ്യേറ്റം<br>2. എം. സി റോഡിൽ ചടയമംഗലം ശ്രീരംഗം വളവ്<br>3. എം. സി റോഡിൽ ചടയമംഗലം ആറാട്ട് കടവ്<br>4. ചടയമംഗലം പെൻഷൻ ഭവന് എതിർവശം<br>5. പൊലിക്കോട് - ആനാട് ഭാഗം പഴയ റോഡിന്റെ ഇരുവശവും, പുതിയ എം. സി റോഡിന്റെ ഇരുവശവും<br>6. വാളകം ബഥനി സ്കൂളിന് സമീപം എം. സി റോഡിനോട് ചേർന്നുള്ള ബഥനി മഠത്തിന്റെയും ബഥനി സ്കൂളിന്റെയും അതിർത്തി<br>7. സദാനന്ദപുരം പഴയ എം. സി റോഡിനും, പുതിയ എം.സി റോഡിനും ഇടയിലുള്ള സ്ഥലത്തിന്റെ അതിരുകൾ<br>8. വള്ളക്കടവ് ബി.എസ്.എൻ.എൽ ടവറിന് . സമീപം ചെയി. 77/830<br>9. ആറാട്ട്കടവ് ശ്രീരംഗം വളവ് ചെയി. 51/700 ഇടതുവശം<br>10. ജടായുപാറയ്ക്ക് സമീപം<br>11. ഹോട്ടൽ രാജ് റസിഡൻസി ചെയി. 44/510 ഇടതുവശം<br>12. ഇരട്ടച്ചിറ ജംഗ്ഷൻ<br>13. ഇഞ്ചക്കാട് ബിസ്മി ഹോട്ടലിന് സമീപം ചെയി. 76/150<br>14. കുളനട കുപ്പണ്ണൂർ ഭാഗത്ത് ചെയി. 105/500<br><br>ശ്രദ്ധയിൽപ്പെട്ട കൈയ്യേറ്റങ്ങൾ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഈ ഭൂമി സംരക്ഷിച്ചുകൊണ്ട് ഇവിടെ വിശ്രമകേന്ദ്രങ്ങളും ബസ് ഷെൽട്ടറുകളും സ്ഥാപിക്കാൻ | (സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡുകളുടെ വശങ്ങളിൽ ഉപയോഗശൂന്യമായി കിടപ്പുള്ള |

| | | | |
|---|---|---|---|
| | എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | പൊതുസ്ഥലം ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥലങ്ങളിൽ യാത്രക്കാർക്ക് ആധുനിക രീതിയിലുള്ള വിശ്രമ കേന്ദ്രങ്ങൾ, Ashwas Public Amenities Kerala Limited എന്ന സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ബസ്ബേ നിർമ്മാണം നടത്തുന്നതിനും പദ്ധതിയുണ്ട്. |
| (ഡി) | കൈയ്യേറിയ ഈ ഭൂമി തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിൽ, കാൽനടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സ.ഉ.(കൈ)നം.63/16/ പൊ.മ.വ. തീയതി 03.09.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് റോഡിലെ കൈയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും, റവന്യൂ വകുപ്പിന്റെ സഹായത്തോടെ അവ ഒഴിപ്പിക്കുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കാനും, നടപടികൾ സ്വീകരിക്കുന്നതിനു വേണ്ട റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുമായുള്ള കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**